**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3088** **01-03-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം-അങ്കമാലി ഗ്രീൻ ഫീൽഡ് നാലുവരിപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എം.സി. റോഡിന് സമാന്തരമായി നിർമ്മിക്കുന്ന നിർദ്ദിഷ്ട തിരുവനന്തപുരം-അങ്കമാലി ഗ്രീൻ ഫീൽഡ് നാലുവരിപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം-അങ്കമാലി ഗ്രീൻ ഫീൽഡ് പാതയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയുടെ 25% സംസ്ഥാന സർക്കാർ വഹിക്കുന്നതിന് സ.ഉ.(കൈ) 18/2021/ പൊ.മ.വ തീയതി 26.02.2021 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കൽ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത പദ്ധതിയുടെ കല്ലിടൽ അടക്കമുള്ള തുടർനടപടികൾ എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതിയുടെ അലൈൻമെന്റിൽ രണ്ടാംഘട്ടം (Stage 2) ദേശീയപാത അതോറിറ്റിയുടെ ചെയർമാൻ അദ്ധ്യക്ഷനായുള്ള "LA Committee” അംഗീകരിച്ചതിനുശേഷമേ ഏറ്റെടുക്കേണ്ട സ്ഥലം, കല്ലിടൽ അടക്കമുള്ള തുടർനടപടികൾ ആരംഭിക്കുന്നത് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (ഡി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്ന് അറിയിക്കുമോ; | (ഡി) | (സി) പിരിവിന്റെ അതേ മറുപടി. |
| (ഇ) | പ്രസ്തുത പദ്ധതി കോതമംഗലം താലൂക്കിൽ ഏതെല്ലാം വില്ലേജുകളിൽ കൂടി കടന്നുപോകുന്നുവെന്നും കോതമംഗലം താലൂക്കിലെ ഏതെല്ലാം വില്ലേജുകളിൽ നിന്നാണ് സ്ഥലം ഏറ്റെടുക്കേണ്ടിവരുന്നതെന്നും വ്യക്തമാക്കാമോ; | (ഇ) | (സി) പിരിവിന്റെ അതേ മറുപടി. |
| (എഫ്) | പ്രസ്തുത പാത നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | (സി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ